# ഭാരതീയ ജനതാ പാർട്ടി

**(സെൻട്രൽ ഓഫീസ് )**

**11 അശോകാ റോഡ്, ന്യൂഡൽഹി**

**ഏപ്രിൽ 1, 2013**

**പത്രക്കുറിപ്പ്**

മദ്ധ്യ മഹാരാഷ്ട്രയിലെ വരൾച്ചാ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ ബിജെപി അദ്ധ്യക്ഷൻ രാജ്നാഥ് സിംഗ് ഔറംഗാബാദിലെത്തി. ജില്ലയിൽ വരൾചാ ദുരിതം അനുഭവിക്കുന്ന കർഷകരെയും തദ്ദേശ വാസികളേയും നേരിട്ടു കണ്ട് അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തി.

ചാറാ ചാവ്നിയിലും പിംപ്രിയിലും കർഷകരെ അഭിസംബോധന ചെയ്ത അദ്ദേഹം '' വരൾചാ ബാധിത പ്രദേശങ്ങളിൽ കഴിയുന്ന കർഷകർ അതി രൂക്ഷമായ കാർഷിക പ്രതിസന്ധി നേരിടുന്നതായി ചൂണ്ടിക്കാട്ടി. മഹാ രാഷ്ട്രയിലെ 11000 ഗ്രാമങ്ങൾ അതിരൂക്ഷമായ വരൾച്ച നേരിടുന്നു, 3500 ഗ്രാമങ്ങളിലെ 50 ശതമാനം കൃഷിയും നശിച്ചു'' എന്നു വിശദീകരിച്ചു.

കൃഷി നശിച്ചവരുടെ കടം മുഴുവൻ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട രാജ്നാഥ് സിംഗ് കർഷകർക്ക് സബ്സിഡികൾ, സൗജന്യ വിത്ത്, സബ്സിഡിയോടെ രാസവളം രണ്ടു വർഷത്തേക്കെങ്കിലും സമ്പൂർണ്ണമായി ജലസേചനം എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ''കർഷകർക്ക് പലിശയില്ലാതെ പുതിയ കാർഷിക ലോണുകൾ നൽകണം. ആവശ്യമായ കാലിത്തീറ്റയും കാലികളേയും നൽകണം.'' അദ്ദേഹം പറഞ്ഞു.

കേന്ദ്രത്തിന്റെ കടം എഴുതിത്തള്ളൽ പരിപാടി അപര്യാപ്തമാണെന്നു സിംഗ് പറഞ്ഞു. '' കേന്ദ്രത്തിന്റെ ആശ്വാസം 1200 കോടിയുടേതാണ്. ഇതപര്യാപ്തമാണ്, സംസ്ഥാനം ആവശ്യപ്പെട്ടതുതന്നെ 18,00 കോടിയാണ്. ''

ഇന്നത്തെ സംസ്ഥാന സർക്കാർ നടപ്പാക്കിയ ജലസേചന പദ്ധതികൾ അഴിമതിയിൽ മുങ്ങിയതാണെന്നു സിംഗ് പറഞ്ഞു. '' കഴിഞ്ഞ പത്തുവർഷത്തിനിടെ ജലസേചന പദ്ധതികൾക്കായി സംസ്ഥാനത്ത് 70000 കോടി രൂപയാണു ചെലവിട്ടത്. എന്നാൽ ലക്ഷ്യമിട്ട പ്രദേശത്തിൽ 0.1 ശതമാനം പ്രദേശത്തേ ജല വിതരണം സാധ്യമായിട്ടുള്ളു. ''

വരൾച്ചാ ബാധിത പ്രദേശങ്ങളിലെ ജല നിരപ്പ് ഭയാനകമായി കുറയുന്ന സാഹചര്യത്തെക്കുറിച്ച് വിശദീകരിക്കവേ,'' മഹാരാഷ്ട്രയിൽ വിലപ്പെട്ട ജലത്തിന്റെ ദുരുപയോഗം തടയാൻ നിയമം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും വെള്ളം സാധാരണക്കാർക്കും കർഷകർക്കും പാവങ്ങൾക്കും അപ്രാപ്യമായിക്കൊണ്ടി രിക്കുകയാണ്. ജല ദുരുപയോഗം തടയുന്നതിനു നിലവിലുള്ള നിയമം അടിയന്തിരമായി പുനപ്പരിശോധിക്കേണ്ടതുണ്ട്.''

മഹാരാഷ്ട്രയിലെ വെള്ളത്തിന്റെ പ്രശ്നം പാർലമെന്റിന്റെ ഇരു സഭകളിലും ഉയർത്തുമെന്നും സിംഗ് ഉറപ്പു നൽകി.

**(ഒ.പി.കോഹ്ലി)**

ഹെഡ്ക്വാർട്ടേഴ്സ് ഇൻചാർജ്